ടാക്സ് വെട്ടിപ്പു നടത്തുന്നത് തടയാൻ നടപടി

13 (2461) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലുള്ള അംഗീകൃത സ്ഥാപനങ്ങളുടെ പേരും സെയിൽസ് ടാക്സ് രജിസ്ട്രേഷൻ നമ്പരും ഉപയോഗപ്പെടുത്തി ടാക്സ് വെട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം എത്ര കേസുകൾ കണ്ടുപിടിച്ചിട്ടുണ്ട് ;

(സി) ഇത്തരം കേസ്സുകളിൽ എന്തു നടപടിയാണ് സ്വീകരിക്കാറുള്ളത് ;

(ഡി) നിരപരാധികളായ ആർ. സി. ഉടമകളുടെ പേരിൽ നടപടി എടുക്കുന്നതിനു പകരം ചരക്ക് അയച്ചവരുടേയും ലോറി ഉടമകളുടേയും പേരിൽ നടപടി സ്വീകരിക്കാൻ തയ്യാറാക്കുമോ ;

(ഇ) അംഗീകൃത വ്യാപാര വ്യവസായ സ്ഥാപനങ്ങൾ അറിയാതെ അവരുടെ പേരും ആർ. സി. നമ്പരും ദുരുപയോഗം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കേരള വില്പന നികുതി നിയമപ്രകാരം വ്യാജരേഖകൾ ഉപയോഗിച്ച് കച്ചവടം നടത്തുന്നതായി ബോദ്ധ്യപ്പെട്ടാൽ ആ ചരക്കുകൾ പിടിച്ചെടുത്ത് ചരക്കുകളുടെ ഉടമസ്ഥനോ അവ കൊണ്ടുവരുന്ന ആളിനോ നിയമാനുസൃതം നോട്ടീസ് നൽകിയശേഷം പിടിച്ചെടുത്ത ചരക്കുകൾ ലേലത്തിൽ വില്ക്കുകയും ലേലത്തുക സർക്കാർ ഖജനാവിലേക്ക് അടയ്ക്കുകയും ചെയ്യണമെന്ന വ്യവസ്ഥ നിയമത്തിലുണ്ട്. കൂടാതെ സംശയമുള്ള കേസ്സുകളിൽ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തെ കൊണ്ട് അന്വേഷണം നടത്തുകയും നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. അത്തരം കേസ്സുകളിൽ വ്യാപാരികൾ പരാതി നൽകുകയാണെങ്കിൽ ചെക്ക് പോസ്റ്റ് ഉദ്യോഗസ്ഥർക്ക് ഇപ്രകാരം വരുന്ന സാധനങ്ങൾക്ക് മുൻകൂർ നികുതി വാങ്ങുന്നതിനുള്ള നിർദ്ദേശങ്ങളും നൽകാറുണ്ട്.

(ഡി&ഇ) നിരപരാധികളായ ആർ. സി. ഉടമകളുടെ പേരിൽ നടപടിയെടുക്കുന്നതിന് പകരം ചരക്ക് അയച്ചവരുടേയും ലോറി ഉടമകളുടെയും ഡ്രൈവർമാരുടേയും പേരിൽ നടപടിയെടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഇപ്പോൾ നിലവിലുള്ള നിയമത്തിലുണ്ട്. വ്യാപാരികൾ ഇപ്രകാരം ചരക്ക് കൊണ്ടുവരുന്നു എന്നുള്ള വിവരം അറിയിച്ചാൽ ചരക്കുകൊണ്ടുവരുന്ന ഘട്ടത്തിൽത്തന്നെ മുൻകൂർ നികുതിയും ചരക്കുകൊണ്ടുവരുന്നവരിൽനിന്നും പിരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly